| മാർക്കറ്റ് | | | |
|---|---|---|---|
| 91.69 ↓ | സെൻസെക്സ് | 32941.87 | |
| 38.35 ↓ | നിഫ്റ്റി | 10186.60 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,120 |
| ഒരു ഗ്രാം | 2765 |

# കലവറ കാലിയാക്കി ശീതകാല പച്ചക്കറി സീസൺ കളമൊഴിയുന്നു

## ■ പിടിമുറുക്കുക തമിഴ്നാട് പച്ചക്കറിയും വിലക്കയറ്റവും

▸സോജൻസ്വരാജ്

ഇടുക്കി: സീസൺ പൂർത്തിയാക്കാൻ കാത്തിരിക്കാതെ മാസങ്ങൾക്ക് മുമ്പേ കേരളത്തിലെ ശീതകാല പച്ചക്കറി കലവറയിലും പ്രധാന കേന്ദ്രങ്ങളിലും പാടമൊഴിയുന്നു. ശീതകാല പച്ചക്കറിയുടെ കലവറയായ വട്ടവട, കാന്തല്ലൂർ മേഖലകളിലെ പച്ചക്കറികളിൽ 80 ശതമാനത്തോളം പച്ചക്കറികളും വിളവെടുത്തു. സാധാരണ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കുറഞ്ഞ തളവിലെങ്കിലും ഉത്പാദനം തുടരുന്നതാണ് സ്ഥിതി. എന്നാൽ ഇക്കുറി പതിവ് തെറ്റിച്ച് നേരത്തെ കളം കാലിയായി. ഡിസംബർ വരെ സജീവമായി നില്ക്കുന്ന വിളവെടുപ്പ് നേരത്തെ അവസാനിച്ചത് വിപണിയിൽ കാര്യമായ ചലനം സൃഷ്ടിക്കും. ഹോർട്ടികോർപ്പ് മുൻ വർഷങ്ങളേക്കാൾ കൂടുതൽ പച്ചക്കറി സംഭരിച്ചിരുന്നു. സംസ്ഥാനത്തെ പച്ചക്കറി വിതരണത്തിൽ ഗണ്യമായ പങ്കു വഹിക്കുന്നതാണ് ശീതകാല പച്ചക്കറിയുടെ വിളവെടുപ്പ്. ഇതിലുണ്ടാകുന്ന കുറവ് വലിയ രീതിയിലുള്ള വിലക്കയറ്റത്തിന് വഴിയൊരുക്കും. തമിഴ്നാട്ടിൽ നിന്നുള്ള വിഷ പച്ചക്കറിക്ക് ഇത് കൂടുതൽ വിപണിയൊരുക്കുകയും ചെയ്യും.

### ■ 80 ശതമാനം വിളവെടുത്തു

കേരളത്തിന്റെ ശീതകാല പച്ചക്കറി കലവറയായ വട്ടവട, കാന്തല്ലൂർ പാടങ്ങളിലെ 1000 ഹെക്ടറോളം പാടങ്ങളിലാണ് കൃഷിയുള്ളത്. ഇതിൽ ഏകദേശം 300 ഹെക്ടർ കൃഷിയിടത്തിലാണ് ഇനി വിളവെടുപ്പ് അവശേഷിക്കുന്നത്. അതിൽ 70 മുതൽ 80 ശതമാനം വരെ വിളവെടുത്തു കഴിഞ്ഞു. വട്ടവടയെ അപേക്ഷിച്ച് കാന്തല്ലൂർ മേഖലകളിലാണ് അല്പമെങ്കിലും കൂടുതലായി അവശേഷിക്കുന്നത്. കഴിഞ്ഞ ഓണം സീസണിൽ 50 ടൺ വരെ ദിവസേന ഉല്പാദിപ്പിച്ചിരുന്നിടത്ത് ഇപ്പോൾ ദിവസേന 20 ടണ്ണാണ് ശരാശരി ഉത്പാദനം.



**ശീതകാല പച്ചക്കറിയിനങ്ങൾ**
കാബേജ്, കോളിഫ്ളവർ, ബീറ്റ്റൂട്ട്, സവാള, ബീൻസ്, ഉരുളക്കിഴങ്ങ്, ബട്ടർ ബീൻസ്, കാരറ്റ്, ഉരുളക്കിഴങ്ങ്, മല്ലിയില, സോയാബീൻസ്, വെളുത്തുള്ളി.

*മൂന്നാർ വട്ടവട പഴത്തോട്ടത്തിലെ കാബേജ് വിളവെടുക്കുന്ന കർഷകൻ*
*ഫോട്ടോ: എൻ. ആർ. സുധർമ്മദാസ്*

### ■ മഴ വില്ലനായപ്പോൾ വിളവിൽ കുറവ്

സർക്കാരിൽ നിന്നും അനുകൂല നിലപാടുകൾ ലഭിച്ചതോടെ കഴിഞ്ഞ സീസണിൽ കൂടുതൽ കർഷകർ കൃഷിയിറക്കിയിരുന്നു. എന്നാൽ മൊത്തം ഉത്പാദനവുമായി തട്ടിച്ച് നോക്കുമ്പോൾ ഉല്പാദനത്തിൽ ഇതനുസരിച്ച് വർദ്ധനവുണ്ടായിട്ടില്ല. കഴിഞ്ഞ ഏപ്രിൽ മുതൽ മുന്നോട്ടുള്ള മാസങ്ങളിൽ കൃഷിയിറക്കിയ ഉത്പന്നങ്ങളാണ് ഇപ്പോൾ വിളവെടുക്കുന്നത്. കൃഷിയുടെ തുടക്കത്തിൽ മഴ ലഭിക്കാതിരിക്കുകയും വളർച്ചയുടെ അവസാനഘട്ടത്തിൽ അതിശക്തമായ മഴ ലഭിക്കുകയും ചെയ്തത് ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

### ■ കേരളത്തിലും തമിഴ്നാട്ടിലും ആവശ്യക്കാർ

കൃഷിയിനങ്ങളിൽ ബട്ടർ ബീൻസ്, വെളുത്തുള്ളി എന്നിവയുടെ ആവശ്യക്കാർ ഏറെയും തമിഴ്നാട്ടിലാണ്. മറ്റുള്ളവയ്ക്ക് കേരളത്തിൽ പ്രിയമേറെയാണ്. ഒരേക്കർ സ്ഥലത്ത് ഉരുളക്കിഴങ്ങ് കൃഷിയിറക്കിയാൽ 100 ചാക്കാണ് വിളവ് പ്രതീക്ഷിക്കുന്നത്. ബീൻസ് ഒരേക്കറിൽ 4000 കിലോയും, കാരറ്റ് 7500 കിലോ വരെയും ലഭിക്കും. 90 മുതൽ 100 ദിവസം വരെയാണ് വിളവെടുപ്പ് കാലം.





*ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെയും കോട്ടയം ഗവ. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ വൃക്ക രോഗ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ നിർദ്ധന വൃക്ക രോഗികൾക്കുള്ള സൗജന്യ ഡയാലിസിസ് കിറ്റ് വിതരണം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്വ. സുരേഷ് കുറുപ്പ് എം. എൽ. എ നിർവഹിക്കുന്നു.*

## സൗജന്യ ഡയാലിസിസ് കിറ്റ് വിതരണം

കൊച്ചി: ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെയും കോട്ടയം ഗവ. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ വൃക്ക രോഗ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ നിർദ്ധന വൃക്ക രോഗികൾക്കുള്ള സൗജന്യ ഡയാലിസിസ് കിറ്റ് വിതരണം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നു.

ജോയ്ആലുക്കാസ് ഫൗണ്ടേഷൻ മാസം തോറും 800 ഓളം ഡയാലിസിസ് കിറ്റുകളാണ് കേരളത്തിലെ വിവിധ ഭാഗങ്ങളിലായി സൗജന്യ വിതരണം ചെയ്യുന്നത്. കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ 75 ഓളം രോഗികൾക്കാണ് സൗജന്യ കിറ്റുകൾ നൽകിയത്. അഡ്വ. സുരേഷ് കുറുപ്പ് എം.എൽ. എ ഉദ്ഘാടനം നിർവഹിച്ചു. നെഫ്രോളജി വിഭാഗം തലവൻ ഡോ. കെ. പി. ജയകുമാർ, ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ്, മെഡിക്കൽ കോളേജ് നഴ്സിംഗ് സൂപ്രണ്ട് ഓമന, നവജീവൻ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി പി. യു. തോമസ്, ജോയ് ആലുക്കാസ് ഫൗണ്ടേഷൻ ചീഫ് കോ ഓഡിനേറ്റർ പി.പി. ജോസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എല്ലാമാസവും ഡയാലിസിസ് കിറ്റുകൾ നല്കും. ഇതിനുള്ള അപേക്ഷ ഫോം മാൾ ഒഫ് ജോയിയിൽ നിന്നും ലഭിക്കും.

## റെപ്കോ ഹോം ഫിനാൻസ് ലാഭത്തിൽ 24 ശതമാനം വളർച്ച

ചെന്നൈ: റെപ്കോ ഹോം ഫിനാൻസ് ലിമിറ്റഡ് സാമ്പത്തിക വർഷത്തിൽ രണ്ടാം പാദത്തിലെ ലാഭത്തിൽ 24 ശതമാനം വളർച്ച നേടി. പ്രതികൂലമായ സാഹചര്യങ്ങളിലും ആസ്തി വികസനത്തിലും വായ്പാ വളർച്ചയിലും എടുത്തു പറയാവുന്ന പുരോഗതി കമ്പനിക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സാമ്പത്തിക വർഷത്തിൽ രണ്ടാം പാദത്തിൽ വരുമാനം 265.8യിൽ നിന്ന് 281 കോടിയായി ഉയർന്ന് ആറു ശതമാനം വളർച്ച നേടി. പലിശ വരുമാനത്തിലെ വർദ്ധന 14 ശതമാനമാണ്. 95.9 കോടിയിൽ നിന്ന് 109.3 കോടിയായി ഉയർന്നു. ഇക്കാലയളവിൽ അനുവദിച്ച വായ്പ 764.5 കോടയായി ഉയർന്നു. 23 ശതമാനത്തിന്റെ വളർച്ച.



*റെപ്കോ ഹോം ഫിനാൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആർ. വരദരാജൻ*

വിതരണം ചെയ്ത വായ്പാത്തുക 752.5 കോടിയാണ്. വില വരുമാന അനുപാതം 16.6ൽ നിന്ന് 15 ശതമാനമായി കുറഞ്ഞു. ഓഹരി, ആസ്തി തിരിച്ചടവ് യഥാക്രമം 2.4 ശതമാനവും 19.6 ശതമാനവുമായി.

പ്രതീക്ഷയ്ക്കൊത്ത വളർച്ച രണ്ടാം പാദത്തിൽ കൈവരിക്കാനായെന്ന് റെപ്കോ ഹോം ഫിനാൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആർ. വരദരാജൻ പറഞ്ഞു. ഓഹരിയുടമകളുടെ താല്പര്യങ്ങൾക്കൊത്ത പ്രവർത്തനമാണ് കാഴ്ചവച്ചതെന്നും പ്രവർത്തന മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാനായത് ഭാവിയിലെ വികസന സാധ്യതകൾക്ക് ആക്കം കൂട്ടുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

കമ്പനിക്ക് കേരളത്തിനുപുറമേ തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, ഗുജറാത്ത്, ഒഡിഷ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലായി 129 ശാഖകളാണുള്ളത്. കൂടാതെ 31 സാറ്റലൈറ്റ് സെന്ററുകളുമുണ്ട്.

## അർദ്ധ സാമ്പത്തിക വർഷത്തിൽ ധനലക്ഷ്മി ബാങ്കിന് 14.03 കോടി അറ്റാദായം

കൊച്ചി: ധനലക്ഷ്മി ബാങ്ക് 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 14.03 കോടിയുടെ അറ്റാദായം നേടി. വാർഷികാടിസ്ഥാനത്തിൽ ലാഭത്തിൽ 19.40 ശതമാനം വളർച്ചയാണ് ബാങ്ക് കൈവരിച്ചത്. നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 6.05 കോടി രൂപയുടെ അറ്റാദായമാണ് ബാങ്ക് നേടിയത്. പ്രവർത്തന ലാഭം മുൻവർഷത്തെ ആദ്യപകുതിയിലെ 44.56 കോടി രൂപയിൽ നിന്ന് 56.56 കോടി രൂപയായി. വളർച്ച 23.93 ശതമാനം.

മുൻവർഷം ആദ്യപകുതിയെ അപേക്ഷിച്ച് മൊത്തം പ്രവർത്തനച്ചെലവ് 9.83 ശതമാനം കുറയ്ക്കുവാനായി. ചെലവ് വരുമാന അനുപാതമാകട്ടെ 80.64 ശതമാനത്തിൽ നിന്ന് 75.13 ശതമാനമായി കുറയ്ക്കുവാനും കഴിഞ്ഞു. ബാങ്കിന്റെ മൂലധന നിക്ഷേപ പര്യാപ്തത 11.62 ശതമാനമായി ഉയർന്നു. മുൻ സാമ്പത്തിക വർഷം ഇത് 9.03 ശതമാനമായിരുന്നു. സാമ്പത്തിക വർഷം ആദ്യ പകുതിയിലെ പലിശയേതര വരുമാനം 51.09 കോടി രൂപയാണ്. മൊത്തം നിഷ്ക്രിയ ആസ്തി മുൻകാലയളവിലെ 480.55 കോടി രൂപയിൽ നിന്ന് 389.16 കോടിയായി കുറയ്ക്കാനായി.

നടപ്പു സാമ്പത്തിക വർഷം ചെറുകിട വായ്പകൾ നൽകുന്നതിനും പലിശയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും നിഷ്ക്രിയ ആസ്തി വീണ്ടും കുറയ്ക്കുന്നതിനും ബാങ്ക് ഊന്നൽ നൽകുന്നു.

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 65.47 | 65.38 |
| യൂറോ | 76.75 | 76.66 |
| പൗണ്ട് | 85.78 | 85.69 |
| സ്വിസ് ഫ്രാങ്ക് | 65.86 | 65.74 |
| സിംഗപ്പൂർ ഡോളർ | 48.11 | 48.04 |
| ആസ്ട്രേലിയ ഡോളർ | 49.97 | 49.91 |
| കനേഡിയൻ | 51.45 | 51.36 |
| ബഹ്റിൻ ദിനാർ | 173.49 | |
| കുവൈറ്റ് ദിനാർ | 216.28 | |
| ഒമാനി റിയാൽ | 169.92 | |
| സൗദി റിയാൽ | 17.44 | |
| യു. എ. ഇ. ദിർഹം | 17.81 | |
| ഖത്തർ റിയാൽ | 17.96 | |

## കമ്പോളനിലവാരം

### കൊച്ചി

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 17,900 |
| വെളിച്ചെണ്ണ | 17,100 |
| കൊപ്ര | 11,475-12,700 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2600 |
| പിണ്ണാക്ക് റോട്ടറി | 3000 |
| കുരുമുളക് | |
| ചേറ്റാത്തത് | 40,900 |
| കുരുമുളക് പുതിയത് | 39,300 |
| കുരുമുളക് ചേറ്റിയത് | 42,900 |
| ചുക്ക് മീഡിയം | 12,500 |
| ചുക്ക് ബെസ്റ്റ് | 13,500 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9200 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 21,000-22,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 4100 |
| വറ്റൽമുളക് | 6800-15,000 |
| ഉഴുന്ന് | 7000-7400 |
| ചെറുപയർ | 6300-6700 |
| കടല | 6,400-7000 |
| മുതിര | 6900 |
| എള്ള് | 11,000 |
| മല്ലി | 6,300-11,000 |
| പച്ചരി നമ്പർ-2 | 2450 |
| പുഴക്കലരി (ജയ) | 3600-3700 |
| ജാതിക്കതൊണ്ടൻ | 150-170 |
| തൊണ്ടില്ലാത്തത് | 280-310 |
| ജാതിപത്രി | 400-650 |
| ഗ്രാമ്പു | 700 |
| പാംഓയിൽ | 6250 |
| **പൈനാപ്പിൾ** | |
| പച്ച | 16.00 |
| പച്ച (സ്പെഷ്യൽ) | 17.00 |
| പഴം | 17.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,550 |
| ആർഎസ്എസ്-5 | 11,800-12,300 |
| ഒട്ടുപാൽ | 8000 |
| ലാറ്റക്സ് | 7900 |

### ആലപ്പുഴ

ആലപ്പുഴ മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 16,100 |
| കൊപ്ര | 11300 |
| ,, | 11350 |
| ,, | 11400 |

### കോട്ടയം

കമ്പോളനിലവാരം

| | |
|---|---|
| **വ്യാപാരി വില** | |
| ആർ.എസ്.എസ്4 | 123.50 |
| ആർ.എസ്.എസ്5 | 120.50 |
| തരംതിരിക്കാത്തത് | 113.00 |
| ഒട്ടുപാൽ | 70.00 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12650 |
| ആർ.എസ്.എസ്5 | 12350 |
| തരംതിരിക്കാത്തത് | 10750 |
| ഒട്ടുപാൽ | 8295 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10808 |
| ആർ.എസ്.എസ്2 | 10689 |
| ആർ.എസ്.എസ്3 | 10581 |
| ആർ.എസ്.എസ്4 | 10521 |
| ആർ.എസ്.എസ്5 | 10432 |
| **കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)** | |
| എസ്.എം.ആർ 20 | 9431 |
| | (144.15) |
| 60% ലാറ്റക്സ് | 7474 (114.25) |
| വെളിച്ചെണ്ണ | 18600 |
| കൊപ്ര | 12100 |
| ശർക്കര (മറയൂർ) | 7400 |
| ശർക്കര (പാണ്ടി) | 5900 |

### തൃശൂർ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 17000 |
| കൊപ്ര | 11515 |
| തേങ്ങപിണ്ണാക്ക് | 2550 |
| എള്ളിൻപിണ്ണാക്ക് | 3100 |
| നല്ലെണ്ണ | 2180 |
| കടലെണ്ണ | 2280 |
| **അടയ്ക്ക കൊക്കാലെ** | |
| പുതിയത് | 4000-4500 |
| പഴയത് | 4000-4500 |
| രണ്ടാംതരം | 1000-2500 |
| **അമല** | |
| പുതിയത് | 3600-4000 |
| പഴയത് | 4100-4650 |
| രണ്ടാംതരം | 2600-3000 |
| **അടയ്ക്ക പഴഞ്ഞി** | |
| പഴയത് | 4000-4681 |
| പുതിയത് | 3500-4000 |
| രണ്ടാംതരം | 2500-3300 |

### നെടുമങ്ങാട്

കമ്പോളനിലവാരം

| | |
|---|---|
| കുരുമുളക് | 370 (കിലോ) |
| പച്ചക്കുരുമുളക് | 102 (,,) |
| കൊട്ടപ്പാക്ക് | 160 (,,) |
| റബ്ബർ | 115 (,,) |
| ഒട്ടുപാൽ | 63 (,,) |
| ജാതിക്ക | 120 (,,) |
| ജാതിപരിപ്പ് | 240 (,,) |
| ജാതിപത്രി | 350 (,,) |
| ഗ്രാമ്പു | 500 (,,) |
| കാപ്പിപരിപ്പ് | 100 (,,) |
| കൊക്കോ | 9 (,,) |
| തേങ്ങ | 47 (,,) |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 22,120 |
| ഒരുഗ്രാം | 2765 |
| **വെള്ളി** | |
| തിരുവനന്തപുരം | 43000 |
| കൊച്ചി | 43000 |

| SCRIP | BSE | NSE |
|---|---|---|
| ABB | 1361.400 | 1366.550 |
| ACC | 1749.050 | 1743.050 |
| AMARAJA | 796.000 | 797.200 |
| ANDHARA BANK | 63.100 | 63.050 |
| APOLLOTYRE | 231.450 | 231.550 |
| APPOLOHOS | 985.450 | 985.950 |
| ARVINDMILL | 420.150 | 420.400 |
| ASHOKLEY | 114.000 | 113.950 |
| ASIANPNT | 1154.250 | 1155.050 |
| AVAYA GLOBAL | 0.000 | 107.350 |
| AVTNPL | 40.900 | 40.700 |
| AXISBANK | 546.250 | 545.650 |
| BAJAJAUTO | 3266.400 | 3266.550 |
| BALAJITELE | 141.650 | 141.250 |
| BANKOFBARODA | 174.400 | 174.350 |
| BATAIND | 783.300 | 782.300 |
| BEML | 1662.500 | 1662.850 |
| BFLSOFT | 712.900 | 711.600 |
| BHARTI | 498.050 | 498.150 |
| BHEL | 91.000 | 91.150 |
| BIOCON | 367.300 | 367.400 |
| BOI | 195.800 | 195.600 |
| BOMBDYE | 195.300 | 195.500 |
| BPCL | 493.200 | 493.050 |
| BPL | 63.500 | 63.950 |
| BRITANNIA | 4785.600 | 4788.350 |
| BSES | 459.500 | 459.450 |
| CANARABANK | 377.000 | 377.450 |
| CEAT | 1716.300 | 1715.150 |
| CENTURY TEXT | 1296.900 | 1294.950 |
| CHENNAIPETRO | 419.650 | 418.850 |
| CIPLA | 602.100 | 602.450 |
| COLGATE | 1054.950 | 1056.800 |
| CORPBNK | 45.150 | 45.000 |
| CROMPGREV | 81.900 | 81.950 |
| D-LINK | 96.650 | 97.350 |
| DABUR | 337.100 | 337.950 |
| DENABANK | 25.300 | 25.350 |
| DIVIS LAB | 1024.350 | 1024.050 |
| DRREDDY | 2320.900 | 2320.300 |
| DWARKESH SUGAR | 63.400 | 63.300 |
| EIHOTEL | 150.700 | 150.250 |
| ENGGINDIA | 183.700 | 183.450 |
| ESCORTS | 706.000 | 707.100 |
| FEDERALBNK | 111.150 | 111.150 |
| FINLXCABLE | 626.900 | 627.200 |
| GAIL | 456.450 | 456.050 |
| GARDEN SILK | 33.700 | 33.800 |
| GEOJIT | 121.550 | 121.050 |
| GESHIPP | 366.300 | 367.750 |
| GLAXO | 2595.050 | 2607.850 |
| GLENMARK | 581.900 | 582.850 |
| Globus Spirits Ltd | 127.350 | 128.250 |
| GNFC | 447.950 | 448.700 |
| GODREJS | 930.600 | 929.500 |
| GRASIM | 1209.050 | 1206.650 |
| GUJAMBCEM | 271.400 | 271.350 |
| HARMALA | 84.200 | 83.900 |
| HCLINFO | 46.700 | 46.650 |
| HDFC | 1662.650 | 1661.400 |
| HDFCBNK | 1802.000 | 1802.350 |
| HEROHONDA | 3653.650 | 3655.200 |
| HINDALCO | 260.900 | 261.000 |
| HINDLEVER | 1283.450 | 1283.900 |
| HINDUJAFUN | 495.900 | 497.600 |
| HPCL | 410.650 | 411.200 |
| I-FLEX | 3630.000 | 3639.900 |
| ICICIBANK | 313.850 | 314.100 |
| IDBI | 60.150 | 60.200 |
| INDHOTEL | 112.300 | 112.050 |
| INDIACEM | 165.850 | 166.450 |
| INFOSYS | 949.450 | 949.100 |
| INFOTECH ENT | 540.450 | 540.550 |
| IOB | 23.650 | 23.650 |
| IOC | 387.850 | 386.950 |
| ITC | 256.550 | 256.550 |
| KALECONSULT | 1280.200 | 1280.300 |
| KARUR VYSYA BANK | 124.450 | 124.700 |
| KOPRAN | 63.250 | 63.750 |
| KOTAKM | 999.350 | 999.200 |
| L&T | 1209.850 | 1210.200 |
| LICHSGFIN | 585.050 | 585.700 |
| LUPINCHEM | 835.150 | 835.000 |
| LYKALAB | 64.650 | 65.150 |
| M&M | 1429.900 | 1429.600 |
| MAHABANK | 27.000 | 27.050 |
| Mahindra Holidays | 335.100 | 334.100 |
| MARUTI | 8128.000 | 8122.950 |
| MAXIND | 564.050 | 564.600 |
| MCDOWEL | 3022.250 | 3018.600 |
| MRF | 67743.450 | 67643.450 |
| MTNL | 22.250 | 22.300 |
| MUKTAARTS | 88.700 | 88.250 |
| NAICHOLAS | 2636.250 | 2628.050 |
| NEYBELI | 100.000 | 99.950 |
| NTPC | 176.950 | 177.050 |
| OBC | 125.600 | 125.400 |
| Oil India Ltd (OIL) | 350.900 | 351.200 |
| ONGC | 182.000 | 182.000 |
| ONWARDTECI | 130.000 | 128.700 |
| ORCHIDCHEM | 17.750 | 17.850 |
| PANACEABIO | 231.100 | 231.750 |
| PETRONET | 258.000 | 258.400 |
| PFIZER | 1922.050 | 1927.600 |
| Pipavav Shipyard | 47.650 | 47.650 |
| POLARIS | 325.300 | 325.450 |
| PRYACEM | 384.550 | 384.900 |
| PTC | 115.800 | 115.750 |
| RAMCOSYS | 406.650 | 406.750 |
| RELCAP | 470.800 | 470.800 |
| RELIANCE | 886.200 | 886.700 |
| ROLTA | 55.550 | 55.400 |
| SAIL | 79.800 | 79.800 |
| SARIGAMA | 837.900 | 839.400 |
| SBI | 329.200 | 329.100 |
| SCI | 90.550 | 90.400 |
| SIB | 30.450 | 30.450 |
| SIEMENS | 1178.150 | 1179.650 |
| SKFBEAR | 1698.450 | 1695.550 |
| SMITHKLC | 6014.700 | 6022.200 |
| STROPTICAL | 268.000 | 268.000 |
| SUNPHARMA | 526.150 | 526.050 |
| SYNDIBANK | 85.450 | 85.400 |
| Tata Communications | 695.250 | 695.600 |
| TATACHEM | 716.050 | 715.600 |
| TATAELXSI | 897.850 | 896.300 |
| TATAPOWER | 81.750 | 81.800 |
| TATATEA | 246.650 | 246.700 |
| TCS | 2716.750 | 2714.600 |
| TELCO | 414.550 | 414.300 |
| THERMAX | 1000.100 | 1001.650 |
| THMCOOK | 235.050 | 235.250 |
| TIPSINDIA | 153.050 | 153.350 |
| TISCO | 685.200 | 685.500 |
| TITANIND | 773.150 | 774.300 |
| TRIGYNTECH | 97.450 | 97.500 |
| UCOBANK | 31.750 | 31.750 |
| UNICHEMLAB | 289.600 | 289.700 |
| VESUVIUS | 1249.800 | 1269.500 |
| Vguard | 229.050 | 229.200 |
| VOLTAS | 600.350 | 600.000 |
| WIPRO | 299.050 | 298.500 |
| WONDERLA | 386.650 | 388.100 |
| ZEETELE | 541.950 | 542.150 |

## ശാസ്ത്രകൗമുദി

### മുറിവിന് വെയില് ബെസ്റ്റാണ് !!!



**വെ**യിലു കൊള്ളാതിരിക്കാനുള്ള സകലവഴികളും പയറ്റാറുള്ളവരാണ് മിക്കവരും. എന്നാൽ, വെയിലുകൊള്ളുന്നത് കൊണ്ടുള്ള ഗുണങ്ങൾ ഏറെയാണ്. എന്ന് കരുതി അമിതമായി വെയിലിനെ സ്നേഹിക്കരുതെന്ന് മാത്രം. ബർമിങ്ഹാം സർവകലാശാലയിലെ ഒരു സംഘം ഗവേഷകരുടെ ഗവേഷണഫലത്തിൽ പറയുന്നത്, മുറിവുണക്കാനുള്ള ഏറ്റവും നല്ല മരുന്ന് സൂര്യപ്രകാശം ഏൽക്കുക എന്നതാണ്. സൂര്യപ്രകാശത്തിൽ അടങ്ങിയിരിക്കുന്ന വൈറ്റമിൻ ഡിയ്ക്ക് അണുബാധകൾ തടയാനുള്ള കഴിവുണ്ട്. മുറിവുണങ്ങാൻ കാലതാമസം എടുക്കുന്നതോടെ അണുബാധയ്ക്കുള്ള സാദ്ധ്യതയും കൂടും. അതുകൊണ്ടാണ്, സൂര്യപ്രകാശം മുറിവുണക്കാൻ നല്ലതാണെന്ന് ഗവേഷണറിപ്പോർട്ടിൽ പറയുന്നത്. ബർമിങ്ഹാമിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഫ്ലമേഷൻ ആൻഡ് ഏജിങ്ങിലെ പ്രൊഫസർമാരായ ജാനെറ്റ് ലോർഡ്, ഡോ. ഖാലിദ് എന്നിവരാണ് ഇത്തരമൊരു കണ്ടെത്തലിന് പിന്നിൽ.




## കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.30 പ്രണവം
8.00 സ്നേക്ക് മാസ്റ്റർ
8.30 ന്യൂസ് ട്രാക്ക്
9.00 ഫിലിം ബോക്സ്
10.00 ഡ്രീം ഡ്രൈവ്
10.35 താരപ്പകിട്ട്
11.35 പുതിയ പാട്ട്
12.35 ഡേ വിത്ത് എ സ്റ്റാർ
1.35 സീക്രട്ട് ഫയൽസ്
2.35 ലേഡീസ് അവർ
4.35 സാൾട്ട് ആൻഡ് പെപ്പർ
5.00 ഓമൈ ഗോഡ്
6.35 ദേവാമൃതം
9.35 സ്ട്രെയ്റ്റ് ലൈൻ

**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം
9.00 അക്കരെയാണെന്റെ മാനസം
9.30 ചിരിക്കും തളിക

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

**ഏഷ്യാനെറ്റ്**
6.00 വേഴാമ്പൽ
6.30 ചെമ്പട്ട്
7.00 വാനമ്പാടി

**ന്യൂസ്**
8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 ലോകജാലകം
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**
8.30 കോമഡി ടൈം

**HBO**
09:15am taxi 4
10:50am The Departed
01:17 G.I. Joe: The Rise of Cobra
03:19 The Transporter Refueled
04:58 Underworld: Evolution
07:22 Madagascar: Escape 2 Africa
09:00 Kung Fu Panda 2
10:44 XXx: Return of Xander Cage

**STAR MOVIES**
09:42am Rise of the Planet of the Apes
11:46 X-Men First Class
02:23 Babys Day Out
04:23 Ice Age: The Meltdown
06:18 Life of Pi
09:00 Speed
11:30 Chinese Zodiac

**ANIMAL PLANET**
10:00am Animal Planet Select
11:00 Chasing Monsters
12:00 Wildest Europe
01:00 Wildest Survival
02:00 Mission Big Cat
03:00 Wild Africa
04:00 World of the Wild

**SONY PIX**
07:54am Angels & Demons
10:35 Jurassic Park
01:24 2012
04:17 Hellboy II: The Golden Army

## സിനിമ

**ഏഷ്യാനെറ്റ് മൂവീസ്:** 8.00 ഐസക്ക് ന്യൂട്ടൻ സൺ ഒഫ് ഫിലിപ്പോസ് 11.00 കളേഴ്സ് 2.00 കടൽപ്പാലം 5.00 മംഗളം നേരുന്നു 7.00 കണ്ണെഴുതി പൊട്ടുംതൊട്ട് 10.00 വെള്ളാനകളുടെ നാട്
**ഏഷ്യാനെറ്റ്:** 9.00 ഓർമ്മയുണ്ടോ ഈ മുഖം
**ഏഷ്യാനെറ്റ് പ്ലസ്:** 12.00 അന്നയും റസൂലും
**എസിവി:** 9.00 വീണമീട്ടിയ വിലങ്ങുകൾ 2.00 അടിവേരുകൾ 9.30 മഞ്ഞുകാലവും കഴിഞ്ഞ്
**റോസ്ബൗൾ:** 10.00 ദി എൻഡ് ഒഫ് ഇന്നസെൻസ്
**ജുക്ക്ബോക്സ്:** 6.30 ഭാർഗവചരിതം മൂന്നാംഖണ്ഡം
**കൈരളി:** 1.15 36 വയതിനിലെ
**വി:** 12.30 അമ്മ അമ്മായിയമ്മ 9.00 ചങ്ങാത്തം
**കിരൺ:** 7.30 കുങ്കുമച്ചെപ്പ് 10.30 കറൻസി 1.30 സമൂഹം 4.00 ഒരു അഭിഭാഷകന്റെ കേസ് ഡയറി 7.00 ദൗത്യം 10.00 മഴത്തുള്ളിക്കിലുക്കം
**അമൃത:** 3.30 ഉന്നം

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2017 നവംബർ 15 ബുധൻ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. സാമ്പത്തിക പുരോഗതി, ബാഹ്യപ്രേരണകൾ വർദ്ധിക്കും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
പ്രവർത്തനങ്ങൾ പൂർത്തിയാക്കും, വിദഗ്ദ്ധോപദേശം സ്വീകരിക്കും, വിദ്യാവിജയം.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
ആഗ്രഹങ്ങൾ നടപ്പാക്കും. ആഹോരാത്രം പ്രവർത്തിക്കും. സന്താനങ്ങൾക്ക് നേട്ടം.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
ആത്മവിശ്വാസം വർദ്ധിക്കും, പുതിയ കണ്ടെത്തലുകൾ നടത്തും, പ്രതിസന്ധികൾ തരണം ചെയ്യും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
തളരാതെ പ്രവർത്തിക്കും. പുതിയ ആശയങ്ങൾ നടപ്പാക്കും, ആശ്രയിക്കുന്നവർക്ക് അഭയം നൽകും.

**കന്നി:** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
അഭിപ്രായ വ്യത്യാസം തീരും, വിട്ടുവീഴ്ചയ്ക്ക് തയ്യാറാകും, പുതിയ സ്നേഹബന്ധം.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
അനാവശ്യ ചിന്തകൾ വർദ്ധിക്കും, മെച്ചപ്പെട്ട പ്രവർത്തനം, മത്സരങ്ങളിൽ പങ്കെടുക്കും.

**വൃശ്ചികം:** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ആത്മവിശ്വാസം വർദ്ധിക്കും, സങ്കല്പങ്ങൾ യാഥാർത്ഥ്യമാകും, ബന്ധുക്കളുമായി രമ്യത.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
ആശ്രയിക്കുന്നവർക്ക് അഭയം നൽകും, പുതിയ ആശയങ്ങൾ നടപ്പാക്കും, സ്ഥാനലബ്ധിക്ക് സാദ്ധ്യത.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
വിട്ടുവീഴ്ചയ്ക്ക് തയ്യാറാകും, ആത്മനിയന്ത്രണം പാലിക്കും, പൊതുവേദിയിൽ പങ്കെടുക്കും.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
വിശ്വാസം നഷ്ടപ്പെടും. ശമ്പളവർദ്ധന ഉണ്ടാകും, സഹപ്രവർത്തകരെ സഹായിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
ദുശീലങ്ങൾ ഉപേക്ഷിക്കും, ആരോഗ്യം സംരക്ഷിക്കും, ആത്മനിയന്ത്രണം പാലിക്കും.

- ഗോപകുമാർ ശർമ്മ